"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല - കാലടി ഗ്രാമപഞ്ചായത്ത് - ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് കാലടി ഫാർമേഴ്സ് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.183/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/01/2020

---

പരാമർശം:- 1 29.07.2009 തീയതിയിലെ സ.ഉ(എം.എസ്) നം. 147/2009/ ത.സ്വ.ഭ.വ.

2 കാലടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.11.2019, 14.01.2020 എന്നീ തീയതികളിലെ എ4 - 7700/19 നമ്പർ കത്തുകൾ.

3 പഞ്ചായത്ത് ഡയറക്ടറുടെ 05.12.2019 തീയതിയിലെ പി.എ.എൻ/14873/2019 - എഫ്.3 (ഡിപി) നമ്പർ കത്ത്.

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ കാലടി ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് കാലടി ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 3 കോടി രൂപ 5 വർഷ കാലവധിയിൽ 11% പലിശ നിരക്കിൽ വായ്പ എടുക്കുന്നതിന് അനുമതി അഭ്യർത്ഥിച്ച് പരാമർശം (2) പ്രകാരം കാലടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിലേക്ക് അയച്ചിരുന്നു. വായ്പ അടയ്ക്കുന്നതിൽ വീഴ്ച സംഭവിച്ചാൽ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും സർക്കാർ തലത്തിൽ കുറവ് ചെയ്ത് കാലടി ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന് നൽകാവുന്നതാണെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ലക്സ്

നിർമ്മിക്കുന്നതിന് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കാലടി വില്ലേജിൽ സർവ്വേ നം. 285/13 ൽ ഉൾപ്പെടുന്ന 40.46 ആർ സ്ഥലവും സർവ്വേ നം. 140/20 ൽ ഉൾപ്പെടുന്ന 52.57 ആർ സ്ഥലവും ഗഹാൻ ചെയ്ത് നൽകി കൊണ്ട് 11% നിരക്കിൽ വായ്പ എടുക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്നാണ് അഭ്യർത്ഥിച്ചിട്ടുള്ളത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ കാലടി ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന്, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കാലടി വില്ലേജിൽ സർവ്വേ നം. 285/13 ൽ ഉൾപ്പെടുന്ന 40.46 ആർ സ്ഥലവും സർവ്വേ നം. 140/20 ൽ ഉൾപ്പെടുന്ന 52.57 ആർ സ്ഥലവും ഗഹാൻ ചെയ്ത് നൽകി കൊണ്ട് കാലടി ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 11% പലിശ നിരക്കിൽ 3 കോടി രൂപ വായ്പ എടുക്കുന്നതിന്, പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി, ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് 1963 സെക്ഷൻ (3) പ്രകാരം എറണാകുളം കാലടി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കാലടി ഗ്രാമപഞ്ചായത്ത്,എറണാകുളം

മാനേജിംഗ് ഡയറക്ടർ, കാലടി ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ജി & എസ്.എസ്.എ), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

[signature]

സെക്ഷൻ ഓഫീസർ.